**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 582** **02-02-2023 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ്ട്രഷറി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സ്ഥലം എങ്ങനെയാണ് കണ്ടെത്തിയതെന്ന് അറിയിക്കാമോ; | (എ) | ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ജനകീയ കമ്മിറ്റി പണം നൽകി വാങ്ങിയ അഞ്ച് സെന്റ് ഭൂമിയിൽ പകുതിയോളം ചെറുപുഴ ഗ്രമപഞ്ചായത്ത് കൈയേറി നിർമ്മാണ പ്രവർത്തനം നടത്തിയിരുന്നു. ഇപ്പോൾ അതേ അളവിൽ ഭൂമി സബ്ഡിവിഷൻ നടത്തി ട്രഷറി വകുപ്പിന്റെ പേരിൽ അനുവദിച്ചിട്ടുണ്ട്. |
| (ബി) | സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | ചെറുപുഴ സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയെങ്കിലും നിർമ്മാണ കാലതാമസം കാരണം തുടർ നടപടികൾ നിർത്തി വച്ചു. ബിഡ്ഡിംങ് പ്രക്രിയയിലൂടെ പുതിയ നിർമ്മാണ നിർവ്വഹണ ഏജൻസിയെ തിരഞ്ഞെടുക്കുന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നു. |
| (സി) | ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ കഴിയുമോ; വിശദമാക്കാമോ? | (സി) | പുതിയ നിർമ്മാണ നിർവഹണ ഏജൻസിയെ തിരഞ്ഞെടുക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ